# പ്രസ്താവന
# ദേശീയ ശിൽപ്പശാല: എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങളും മത്സ്യമേഖലയിലെ സ്ത്രീകളും, ഇന്ത്യ

ഞങ്ങൾ, പശ്ചിമ ബംഗാൾ, തമിഴ് നാട്, മഹാരാഷ്ട്ര, ഗോവ, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘടനകളുടെ (അസോസിയേഷനുകൾ, സഹകരണ സംഘങ്ങൾ, ട്രേഡ് യൂണിയനുകൾ, സ്വയം-സഹായ സംഘങ്ങൾ) പ്രതിനിധികൾ; കൂടാതെ മുഖ്യമായും തീരക്കടലിൽ നിന്നും കക്കാമത്സ്യവും കടൽപായലും ശേഖരിച്ചും, മത്സ്യം കടൽത്തീരത്ത് ഉണക്കിയും സംസ്കരിച്ചും, കടലിൽ പോയി മീൻ പിടിച്ചും, കടൽത്തീരത്ത്-ഉണക്കിയും സംസ്കരിച്ചും, കൂടാതെ വഴിയോരങ്ങളിലും വീടുകളിലും വിൽപ്പന നടത്തിയും ഉപജീവനം നടത്തുന്നവരുമായ സ്ത്രീകൾ;

2022 ഏപ്രിൽ 8 മുതൽ 10 വരെ തമിഴ്നാടിലെ ചെന്നൈയിലുള്ള ആശാനിവാസിൽ *എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങളും മത്സ്യമേഖലയിലെ സ്ത്രീകളും: ദേശീയ ശിൽപ്പശാല* വേദിയിൽ സമ്മേളിക്കുകയുണ്ടായി - ദേശീയതലത്തിലുള്ള മത്സ്യമേഖലയിലെ സ്ത്രീകളുടെ വേദിയുടെ ഒരു കൂടിവരവ്; മത്സ്യ മേഖലയിലെ സ്ത്രീകളുടെ പങ്ക് കൂടുതൽ ദൃശ്യമാകാനും അവരുടെ അവകാശങ്ങൾ നേടാനും, മത്സ്യമേഖലയിലെ മുല്യ ശൃംഘലയിൽ സ്ത്രീകളുടെ ഉപജീവന ഇടവും മെച്ചപ്പെടുത്താനും ഗവണ്മെന്റിൽ നിന്നും ന്യായമായ അംഗീകാരം നേടാനുമുള്ള ഒരു ശ്രമം

ഞങ്ങളുടെ ജീവിതങ്ങളിലും ഉപജീവനങ്ങളിലും കോവിഡ്-19 സൃഷ്ടിച്ച ആഘാതവും, മഹാമാരി വേളയിൽ ദുരിതാശ്വാസത്തിന്റെ പര്യാപ്തതയും വീണ്ടെടുക്കൽ നടപടികളും വിലയിരുത്തുകയുണ്ടായി;

ഞങ്ങളുടെ മത്സ്യബന്ധന, മത്സ്യ വിപണന പ്രവൃത്തികളിൽ വ്യാവസായിക മലിനീകരണവും തീവ്രമായ കാലാവസ്ഥാ സംഭവങ്ങളും ഉണ്ടാക്കുന്ന പ്രതികൂല പ്രത്യാഘാതങ്ങളെ കുറിച്ച് ഞങ്ങൾ ആശങ്കാകുലരാണ്;

കടലോര പരിസ്ഥിതിയിലെ തകർച്ച, അമിതമത്സ്യബന്ധനം, മഹാമാരികൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ പ്രതികൂല പ്രത്യാഘാതങ്ങൾ മീൻപിടുത്ത സമൂഹങ്ങളിൽ ക്രമാതീതമായി ഏറ്റുവാങ്ങുന്നത് സ്ത്രീകളാണെന്ന് കാണുന്നു;

മത്സ്യ മേഖലയിലെ മൂല്യ വർദ്ധിത ശൃംഘലയിലെ എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ, പ്രാദേശിക പോഷകാഹാര ലഭ്യതയിലും ഭക്ഷ്യ സുരക്ഷയിലും വിലപ്പെട്ട സംഭാവന അവർ നൽകുന്ന അവസ്ഥയിൽ പോലും, തുടരുന്നതായ ദൃശ്യതയില്ലായ്മയിൽ ഞങ്ങൾക്ക് കൂടുതൽ ആശങ്കയുണ്ട്;

ഞങ്ങളുടെ ആവലാതികൾ പരിഗണിക്കുന്നതിനായി കേന്ദ്ര, സംസ്ഥാന, പ്രാദേശിക അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു, ഒപ്പം മത്സ്യത്തൊഴിലാളി സംഘടനകളുടെയും:

1. മീൻപിടുത്ത സമൂഹങ്ങളുടെ ജീവനും ഉപജീവനങ്ങളും സംരക്ഷിക്കുന്നതിന്, സമുദ്ര, കടൽത്തീര, ഉൾനാടൻ ജൈവ സമ്പത്ത് സംരക്ഷിക്കുക, സമീപ ഭൂമിയിലെ പ്രാപ്യത സുരക്ഷിതമാക്കുക; ഇത് സംബന്ധമായി എണ്ണ ഒഴുകിപ്പടരൽ, ഗതാഗതം, മണൽ

ഖനനം, പ്ലാസ്റ്റിക്, സ്വീവേജ്, വ്യാവസായിക മാലിന്യങ്ങൾ എന്നിവ മൂലമുള്ള എല്ലാത്തരം ജല മലിനീകരണവും ഇല്ലാതാക്കുക;

2. എല്ലാ പ്രസക്തമായ സംസ്ഥാന-കേന്ദ്ര തലങ്ങളിലെ ഫിഷറീസ് നയങ്ങളിലും, നിയമങ്ങളിലും, പദ്ധതികളിലും സ്ത്രീകൾക്ക് മുൻഗണന നൽകുന്ന സമീപനം വിപുലമാക്കുക; സംസ്ഥാന ഫിഷറീസ് വകുപ്പുകൾ മത്സ്യമേഖലയിലെ സ്ത്രീകൾക്ക് ലഭ്യമായ പദ്ധതികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് പങ്കുവയ്ക്കണം. മത്സ്യ മേഖലയിലെ എല്ലാ സാമൂഹ്യ സുരക്ഷാ പദ്ധതികളും പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ പ്രയോജനപ്പെടണം, പ്രത്യേകിച്ച് സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾ; ഇതിനായി എല്ലാ സ്ത്രീ മീൻപിടുത്തക്കാരെയും മത്സ്യത്തൊഴിലാളികളെയും, തപ്പിപ്പിടിക്കുന്നവർ (കൈകൊണ്ടും ഉപകരണങ്ങളാലും) ഉൾപ്പെടെ, രജിസ്റ്റർ ചെയ്യാനും ലൈസൻസുകൾ നൽകാനും, ഒപ്പം ഒരു ഡാറ്റാ ബേസ് ഉണ്ടാക്കാനും നടപടികൾ വേണം;
3. സ്ത്രീകളായ മീൻപിടുത്തക്കാർക്കും മത്സ്യത്തൊഴിലാളികൾക്കും പ്രയോജനപ്പെടുന്ന നിർദ്ദിഷ്ട പദ്ധതികൾ വികസിപ്പിക്കുന്നതിന് സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള വികസന, സാമൂഹ്യ വികസന വകുപ്പുകളിൽ മീൻപിടുത്ത സമൂഹങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുക;
4. ചെറുകിട മത്സ്യമേഖലക്കായി ദേശീയ മാർഗ്ഗനിർദ്ദേശങ്ങളും മത്സ്യമേഖലയിലെ സ്ത്രീകൾക്കായി ദേശീയ നയവും വികസിപ്പിക്കുക, ഇതിനായി മീൻപിടുത്തക്കാരും മത്സ്യത്തൊഴിലാളികളുമായി വിവിധ തലങ്ങളിൽ വിപുലമായ കൂടിയാലോചനയും പങ്കാളിത്തവും ഉണ്ടാകണം;
5. കടലോര, നദീതീര മേഖലകൾക്ക് ബാധകമായ ഏതൊരു നയത്തിലും പരമ്പരാഗത മീൻപിടുത്ത സമൂഹങ്ങളുടെ ഉപജീവന താൽപ്പര്യങ്ങളും ജീവിതവും സംരക്ഷിക്കപ്പെടണം, അത് വികസിപ്പിക്കേണ്ടത് ഈ സമൂഹങ്ങളുമായി, പ്രത്യേകിച്ച് സ്ത്രീകളുമായി കൂടിയാലോചിച്ചായിരിക്കണം;
6. പരിസ്ഥിതി, ഫിഷറീസ്, വനവും വന്യജീവികളും സംബന്ധിച്ച എല്ലാ നിയമ നിർമ്മാണങ്ങളിലും മീൻപിടുത്ത സമൂഹങ്ങളുടെ കാലങ്ങളായി നിലനിൽക്കുന്നതും പരമ്പരാഗതവുമായ മീൻപിടുത്ത/ഭൂമി അവകാശങ്ങളും കൂടാതെ വാസസ്ഥലവും ഭവനങ്ങളും സംബന്ധിച്ച പ്രാദേശിക ചട്ടങ്ങളും അംഗീകരിക്കുകയും മാനിക്കപ്പെടുകയും വേണം;
7. മത്സ്യ സമ്പത്ത് ഇന്നത്തെയും നാളത്തെയും തലമുറകൾക്ക് ലഭ്യമാകുമെന്ന് ഉറപ്പാക്കാൻ മീൻപിടുത്ത ഉപകരണങ്ങളിലും ഉപാധികളിലും ചെറിയ കണ്ണി വല, എൽഇഡി ലൈറ്റ് എന്നിവയുടെ ഉപയോഗം തടയുകയും വിനാശകരമായ മീൻപിടുത്തം നിയന്ത്രിക്കുകയും ചെയ്യുക;
8. സമുദ്ര, കടലോര, നദീ-കായൽ തീര സംരക്ഷണവും ഉപജീവനത്തിനായുള്ള പരമ്പരാഗത ചെറുകിട മീൻപിടുത്ത സമൂഹങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുക. ഇതിനായി ആദിവാസി വനവാസി സമൂഹങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വനാവകാശ നിയമം 2006 നടപ്പാക്കുക;
9. സമുദ്ര, കടലോര, നദീ-കായലോര മേഖലകളിൽ എന്തെങ്കിലും പര്യവേക്ഷണ, ചൂഷണ, വികസന പദ്ധതി തുടങ്ങുന്നതിന് മുമ്പ് മീൻപിടുത്ത സമൂഹങ്ങളുടെ വിവരങ്ങൾ ബോധ്യപ്പെട്ടുള്ള മുൻകൂർ സമ്മതം നേടിയിരിക്കണം; പര്യാപ്തമായ നഷ്ടപരിഹാരം സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾ, സ്ത്രീ മീൻപിടുത്തക്കാർ, സ്ത്രീ മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് അവരുടെ ജീവിതവും ഉപജീവന താൽപ്പര്യങ്ങളും കണക്കിലെടുത്ത് നൽകിയിരിക്കണം;

10. പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ചന്തകളിൽ, ശുദ്ധജലം, വൈദ്യുതി, ശുചിത്വം എന്നീ പൊതുസൌകര്യങ്ങൾ മെച്ചപ്പെടുത്താനും പീഢനങ്ങളിൽ നിന്നും സ്ത്രീകൾക്ക് ശാരീരിക സംരക്ഷണം ലഭിക്കുമെന്ന് ഉറപ്പാക്കാനും സ്ത്രീ മത്സ്യത്തൊഴിലാളികളുമായി കൂടിയാലോചിച്ച് നടപടികൾ ഉണ്ടാകണം; മത്സ്യം കേടാകാതെ സൂക്ഷിക്കാൻ/സംസ്കരിക്കാൻ ചെലവു കുറഞ്ഞ കാർബൺ-സൌഹൃദ സാങ്കേതിക വിദ്യകൾ ആവിഷ്കരിക്കുക;
11. ചന്ത ഇടങ്ങളിൽ സ്ത്രീ മത്സ്യ വിപണനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവരുടെ പ്രതിനിധികളുമായി കൂടിയാലോചിച്ച് ചന്തയുടെ പുനർവികസനം നടത്തുകയും വേണം;
12. വഴിയോര സ്ത്രീ മത്സ്യ വിപണനക്കാർക്ക് സുരക്ഷിത ഇടങ്ങൾ ഒരുക്കുകയും വഴിയോര കച്ചവടക്കാരുടെ (വഴിയോര കച്ചവട ഉപജീവന സംരക്ഷണവും നിയന്ത്രണവും) നിയമം, 2014 നടപ്പാക്കുകയും ചെയ്യുക;
13. അതാതു ചന്തകളിൽ സ്ത്രീകൾക്ക് ചെലവു കുറഞ്ഞ രീതികളിൽ എത്തിച്ചേരാൻ കഴിയുന്ന പൊതു ഗതാഗത സൌകര്യങ്ങൾ ഏർപ്പെടുത്തുക;
14. പ്രസക്തമായ ഫിഷറീസ് ബജറ്റ് വിഹിതത്തിന്റെയും സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ കീഴിൽ സ്ത്രീ മീൻപിടുത്തക്കാരുടെയും സ്ത്രീ മത്സ്യത്തൊഴിലാളികളുടെയും ആവശ്യങ്ങൾക്ക് ആനുപാതികമായ വിഹിതം ഉറപ്പാക്കുകയും സമയബന്ധിതമായ രീതിയിൽ വിതരണം നടത്തുകയും ചെയ്യുക. ഇത് സംബന്ധിച്ച്, സ്ത്രീ മീൻപിടുത്തക്കാരുടെയും സ്ത്രീ മത്സ്യത്തൊഴിലാളികളുടെയും സാമൂഹ്യ സുരക്ഷാ അവകാശം പൂർണ്ണമായി അംഗീകരിക്കുന്നതിന് നിലവിലുള്ള വിടവുകളും തടസ്സങ്ങളും മാറ്റുകയും ആ പ്രക്രിയ മെച്ചപ്പെടുത്തുകയും ചെയ്യുക;
15. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, വാർദ്ധക്യ പെൻഷൻ, അനന്തരാവകാശി ആനുകൂല്യങ്ങൾ, നിരോധന സീസണിലെ ആനുകൂല്യങ്ങൾ, കാലാവസ്ഥാ വ്യതിയാനം/മലിനീകരണ പ്രത്യാഘാതങ്ങൾ മൂലമുള്ള വരുമാന നഷ്ടത്തിന് നഷ്ടപരിഹാരം തുടങ്ങിയ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ മത്സ്യമേഖലയിലെ സ്ത്രീ തൊഴിലാളികൾക്കും സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്കും ലഭ്യമാക്കുന്ന വിധം വിപുലപ്പെടുത്താൻ, നടപടികൾ എടുക്കുക;
16. പ്രകൃതി ദുരന്തങ്ങൾക്കുള്ള മത്സ്യമേഖലയിലെ നഷ്ടപരിഹാരം, മഹാമാരികൾക്ക് ഉൾപ്പെടെ, ഈ മേഖലയിലെ സ്ത്രീകളുമായി കൂടിയാലോചിച്ചാകണം;
17. സാമൂഹ്യ വികസന പരിപാടികളുടെ രൂപകൽപ്പനയിലും വിഭവങ്ങൾ ലഭ്യമാക്കുന്നതിലും സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന പ്രാദേശിക ഭരണ ക്രമങ്ങൾ ഏർപ്പെടുത്തുക;
18. ദേശീയ മത്സ്യ ഉൽപ്പാദന ഡാറ്റയിൽ സ്ത്രീകൾ പിടിച്ചെടുക്കുന്ന/ഉൽപ്പാദിപ്പിക്കുന്ന എല്ലാ മത്സ്യവും പൂർണ്ണമായി പ്രതിഫലിക്കണം, ഇതിനായി വികേന്ദ്രീകൃത ഡാറ്റ ശേഖരണം പ്രോത്സാഹിപ്പിക്കണം, സ്ത്രീകളുടെ തപ്പിപ്പിടിക്കലും ഉൾപ്പെടണം;
19. തീരുമാനമെടുക്കൽ പ്രക്രിയകളിൽ മത്സ്യമേഖലയിലെ സ്ത്രീകളുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പാക്കണമെന്ന് മത്സ്യത്തൊഴിലാളി സംഘടനകളോടും പരമ്പരാഗത മീൻപിടുത്ത സമുദായ സ്ഥാപനങ്ങളോടും അഭ്യർത്ഥിക്കുന്നു.

പരമ്പരാഗത ഫിഷറീസിന്റെയും മത്സ്യകൃഷിയുടെയും അന്താരാഷ്ട്ര വർഷമായി 2022 ആചരിക്കപ്പെടുന്ന ഈ വേളയിൽ (IYAFA 2022), ഭക്ഷ്യ സുരക്ഷക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി ചെറുകിട മത്സ്യമേഖലയുടെ സുസ്ഥിരത സംരക്ഷിക്കാനുള്ള സ്വമേധയാ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേങ്ങളുടെ (എസ്.എസ്. എഫ് മാർഗ്ഗനിർദ്ദേശങ്ങൾ)

പശ്ചാത്തലത്തിൽ, ഞങ്ങൾ, സ്ത്രീ മത്സ്യത്തൊഴിലാളികളുടെയും മീൻപിടുത്ത സമൂഹങ്ങളുടെയും പ്രതിനിധികൾ, ഈ പ്രവർത്തന നിർദ്ദേശങ്ങൾ അംഗീകരിച്ചു നടപ്പാക്കാൻ ആഹ്വാനം ചെയ്യുന്നു.

***ശിൽപ്പശാലയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ദയവായി ഈ വെബ്സൈറ്റ് സന്ദർശിക്കുക: https://www.icsf.net/resources/india-national-workshop-the-ssf-guidelines-and-the-platform-for-women-in-fisheries/***